## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1259

05.03.2020-ൽ മറുപടിക്ക്

### മീൻപിടിക്കാൻ കടലിൽപ്പോയി കാണാതായവർ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം.ഉമ്മർ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മീൻപിടിക്കാൻ കടലിൽപ്പോയി കാണാതായവരെ സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. ഓഖി ദുരന്തത്തിൽപ്പെട്ട് കടലിൽ കാണാതായ 91 പേരുൾപ്പെടെ 120 പേർ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ കടലിൽ കാണാതായിട്ടുണ്ട്. |
| (ബി) | തിരച്ചിലിനു ശേഷവും കണ്ടെത്താൻ കഴിയാത്തവരുടെ ബന്ധുക്കൾക്ക് എന്തെല്ലാം സഹായങ്ങളാണ് നിലവിൽ നൽകിവരുന്നത്; വിശദമാക്കാമോ; | (ബി) | തിരച്ചിലിനു ശേഷവും കണ്ടെത്താനാവാത്തതും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതുമായ മത്സ്യത്തൊഴിലാളികൾ കടലിൽ കാണാതായാൽ അവരുടെ ബന്ധുക്കൾക്ക് ബോർഡ് ധനസഹായം നൽകുന്നുണ്ട്. ഇത് നിയമപ്രകാരം 7 വർഷത്തിന് ശേഷമാണ് നൽകി വന്നിരുന്നത്. എന്നാൽ കാണാതായ ആൾ non traceable ആണെന്ന് പോലീസ് സ്റ്റേഷനിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ടിന്റെയും വില്ലേജ് ഓഫീസറുടെ അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ കളക്ടർ/ആർ.ഡി.ഒ. അനുവദിക്കുന്ന മിസ്സിംഗ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന പക്ഷം ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് ധനസഹായം ലഭ്യമാക്കി മത്സ്യബോർഡ് മുഖേന കാണാതായ ആളിന്റെ അവകാശിക്ക് നൽകി വരുന്നു. ഓഖി ദുരന്തത്തിൽ കടലിൽ കാണാതായ 91 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മൂന്ന് മാസത്തിനകത്ത് തന്നെ സർക്കാർ 20 ലക്ഷം രൂപ വീതം ധനസഹായവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കാണാതായവരെ കണ്ടുപിടിക്കാൻ ഏതെല്ലാം വിധത്തിലുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | കാണാതാകുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ റെസ്ക്യൂ ബോട്ടുകൾ മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ കടലിൽ തെരച്ചിൽ നടത്താറുണ്ട്. കോസ്റ്റൽ പോലീസിന്റെ സഹായവും ലഭിക്കാറുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന പ്രകാരം ഇന്ത്യൻ കോസ്റ്റ് ഗാർഡും, ഇന്ത്യൻ നേവിയും അവരുടെ ഹെലികോപ് റ്റർ, ഡോണിയർ വിമാനങ്ങൾ, കപ്പലുകൾ എന്നിവ ഉപയോഗിച്ചും തിരച്ചിൽ നടത്താറുണ്ട്. |

**സെക്ഷൻ ഓഫീസർ**